**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5575** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഞാറയ്ക്കൽ ആശുപത്രിയുടെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയുടെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാതി വഴിയിൽ നിർത്തിവച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്, കരാർ ഏജൻസിയുടെ സാമ്പത്തിക പ്രതിസന്ധി എന്നിവ നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. കരാർ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കരാർ ഏജൻസിക്ക് 18.06.2024 ന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. നിലവിൽ കരാർ കാലാവധി ഉപാധികളോട്ടു കൂടി **30.04.2025** വരെ നീട്ടി നൽകിയിട്ടുണ്ട്. പ്രസ്തുത സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ; കരാറിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കരാർ വ്യവസ്ഥ പ്രകാരം കരാറുകാരന് സ്ഥലം കൈമാറി **135** ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 8 തവണ വിവിധ ഘട്ടങ്ങളിലായി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയതുൾപ്പെടെ നിലവിലെ കരാർ കാലാവധി ഉപാധികളോട്ടു കൂടി **30.04.2025** വരെ ആണ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | 30.04.2025 നുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ